**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **5763** | **19.11.2019** - ൽ മറുപടിക്ക് |

**ആംനെസ്റ്റി പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. അനിൽ അക്കര : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഈ വർഷം നികുതി കുടിശ്ശികയും മറ്റും സമാഹരിക്കുന്നതിന് വേണ്ടി സർക്കാർ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതി പ്രകാരം 31.10.2019 വരെ എന്ത് തുക സമാഹരിക്കുവാൻ സാധിച്ചു എന്ന് അറിയിക്കുമോ; | (എ) | ഈ വർഷം നികുതി കുടിശ്ശികയും മറ്റും സമാഹരിക്കുന്നതിന് വേണ്ടി സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതി പ്രകാരം 31.10.2019 വരെ 390.41 കോടി രൂപ തവണകളായി അടയ്ക്കുവാനുള്ളതിൽ 78.89 കോടി രൂപ സമാഹരിക്കുവാൻ സാധിച്ചു. |
| (ബി) | ഈ പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം എത്ര തുകയാണ് സമാഹരിക്കുവാൻ ലക്ഷ്യമിടുന്നത് എന്ന് വെളിപ്പെടുത്തുമോ? | (ബി) | 31.10.2019 വരെ 13823.63 കോടി രൂപയാണ് നികുതി കുടിശ്ശികയായി ലഭിക്കാനുള്ളത്. ഇതിൽ പിരിച്ചെടുക്കാവുന്ന തുക (കളക്ടബിൾ ഡിമാന്റ്) 3743.69 കോടി രൂപയാണ്. ആംനസ്റ്റി പദ്ധതി പ്രകാരം 30.09.2019 വരെ 48043 പേർ അപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൽ ഉൾപ്പെട്ട 773.81 കോടി രൂപയിൽ പിഴയും പലിശയും ഒഴിവാക്കി 390.41 കോടി രൂപയാണ് പിരിക്കാനുള്ളത്. ഈ തുകയിൽ 311.53 കോടി രൂപ ഇനി പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ഈ തുക ഈ സാമ്പത്തിക വർഷം സമാഹരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**